"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി സബിത ജി.യ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1158/2025/LSGD തീയതി,തിരുവനന്തപുരം, 11-05-2025

---

പരാമർശം:-
1. സ.ഉ (പി). നം. 102/2017/ധന. തീയതി 07.08.2017.
2. ശ്രീമതി സബിത ജി. യുടെ 12/12/2024 ലെ അപേക്ഷ
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.01.2025 ലെ LSGD/PD/1366/2025-DEA2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി സബിത ജി, 07.12.2024-ൽ ഓഫീസിലേക്കുള്ള യാത്രാമദ്ധ്യേ വാഹനാപകടത്തിൽപ്പെട്ടതിനെ തുടർന്ന് ശസ്ത്രക്രിയയുൾപ്പെടെയുള്ള ചികിത്സയ്ക്ക് വിധേയയായി ജോലിയിൽ നിന്ന് വിട്ടു നിന്ന 07/12/2024 മുതൽ 16/01/2025 വരെയുള്ള 41 ദിവസത്തേയ്ക്ക് പ്രത്യേക അവശതാ അവധിയ്ക്കായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും പരാമർശം 1 ഉത്തരവിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, 07.12.2024-ൽ ഓഫീസിലേക്കുള്ള യാത്രാമദ്ധ്യേ അപകടത്തിൽപ്പെട്ട് ചികിത്സയിലായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി സബിത ജി.യ്ക്ക് കെ എസ് ആർ ഭാഗം I ചട്ടം 98 പ്രകാരം 07/12/2024 മുതൽ 16/01/2025 വരെ 41 ദിവസത്തേയ്ക്ക് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി സബിത ജി., സെക്രട്ടറി, പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്
   *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്), തിരുവനന്തപുരം/തൃശ്ശൂർ
4. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ
5. സെക്രട്ടറി, പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി (EPB1/38/2025-LSGD നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 12-05-2025 10:04:40
സെക്ഷൻ ഓഫീസർ